# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1441

21.03.2012 ൽ മറുപടിക്ക്

## തൊഴിലുറപ്പ് പദ്ധതിയിലെ ദിവസ വേതനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. എസ്. സുനിൽ കുമാർ<br>ശ്രീ. കെ. അജിത്<br>ശ്രീമതി ഇ.എസ്. ബിജിമോൾ<br>ശ്രീ. ഇ.കെ. വിജയൻ | ശ്രീ. കെ.സി.ജോസഫ്<br>ഗ്രാമ വികസനവും ആസൂത്രണവും<br>നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി |
| എ) തൊഴിലുറപ്പ് പദ്ധതിയിലൂടെ ഒരാൾക്ക് ഒരു ദിവസം ലഭിക്കുന്ന വേതനം എത്ര രൂപയാണ്; ഈ തുക വർദ്ധിപ്പിക്കണമെന്ന ആവശ്യം കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ ; | എ) ഒരു ദിവസത്തെ ഒരാളുടെ വേതനം 150 രൂപ. ഈ തുക വർദ്ധിപ്പിക്കണമെന്ന ആവശ്യം കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടില്ല. |
| ബി) തൊഴിലുറപ്പ് പദ്ധതിപ്രകാരം ലഭിക്കുന്ന വേതനം കാലോചിതമായി പരിഷ്കരിച്ച് എത്ര രൂപയാക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | ബി) കേരളത്തിൽ നിലവിലുള്ള കാർഷിക തൊഴിലാളികളുടെ മിനിമം വേതനമായ 200 രൂപയായി വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| സി) ഈ പദ്ധതിയിൽ കാർഷിക മേഖലയെ ഉൾപ്പെടുത്തിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിൽ ഏതെല്ലാം ഇനം പദ്ധതികൾ ഉൾ പ്പെട്ടുമെന്ന് വിശദമാക്കുമോ ? | സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ ഷെഡ്യൂൾ 1 പാരാ1 ൽ പരാമർശിക്കുന്ന ഏറ്റെടുക്കാവുന്ന പ്രവൃത്തികളിൽ പ്രത്യക്ഷമായും കാർഷിക മേഖലയുടെ ഉന്നമനമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.<br>1. ജലസംരക്ഷണവും മഴകൊയ്ത്തും<br>2. വരൾച്ച തടയൽ (വനവത്കരണം, വൃക്ഷങ്ങൾ നട്ടു പിടിപ്പിക്കൽ ഉൾപ്പടെ) |

3. സൂക്ഷ്മ, ചെറുകിട ജലസേചന പദ്ധതികൾ ഉൾപ്പെടെയുള്ള ജലസേചന കനാലുകൾ
4. പട്ടിക ജാതി പട്ടിക വർഗ്ഗക്കാർ, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ, ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്താക്കൾ, ഇന്ദിരാ ആവാസ് യോജന പദ്ധതിയിൻ കീഴിലെ ഗുണഭോക്താക്കൾ, 2008 ലെ കാർഷിക കടാശ്വാസ പദ്ധതിയിലെ നിർവ്വചന പ്രകാരമുള്ള ചെറുകിട നാമമാത്ര കർഷകർ എന്നിവരുടെ ഭൂമിയിൽ ജലസേചന സൗകര്യം, പച്ചക്കറി-ഫലവൃക്ഷ കൃഷി, ഭൂവികസന സൗകര്യങ്ങൾ.
5. പരമ്പരാഗത ജല സ്രോതസ്സുകളുടെ പുനരുദ്ധാരണം, കുളങ്ങളുടെ ചെളിനീക്കം ചെയ്യൽ അടക്കം
6. ഭൂവികസനം
7. വെള്ളപ്പൊക്ക നിയന്ത്രണം, വെള്ളക്കെട്ടു പ്രദേശങ്ങളിൽ വെള്ളം ഒഴുക്കിക്കളയുന്നതിന് അഴുക്ക് ചാൽ അടക്കമുള്ള സംരക്ഷണ പ്രവൃത്തികൾ.
8. ഗ്രാമങ്ങളെ തമ്മിൽ ബന്ധിപ്പിക്കാവുന്ന എല്ലാ കാലാവസ്ഥയിലും അനുയോജ്യമായ റോഡുകൾ
9. ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് ഓഫീസ് ആസ്ഥാനത്ത് ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങളുടെ നിർമ്മാണം.

സെക്ഷൻ ഓഫീസർ